# Spiritual Treasure in clay pots

(കളിമൺ പാത്രത്തിലെ ആത്മീയ നിക്ഷേപം) - 2 കൊരി:(4:1-7)

ആധുനീകത മനുഷ്യനെ സ്വാധീനിച്ചപ്പോൾ ആരോഗ്യകരമായ പല രീതികളും ചട്ടങ്ങളും പുറന്തള്ളപ്പെട്ടു. പുതുമയുടെ പുറകെ ഓടുന്ന മനുഷ്യർ പഴമയുടെ മഹത്വം മനസ്സിലാക്കുവാൻ കഴിയാത്തവരായി മാറി.അപ്രകാരം പുറന്തള്ളപ്പെട്ടതാണ് കളിമൺ പാത്രങ്ങളും. ആരോഗ്യകരമായി ഭക്ഷണം പാകം ചെയ്യുവാൻ കഴിയുന്ന മൺപാത്രങ്ങൾ സൂക്ഷിപ്പാനും ശുചിയാക്കുവാനും പ്രയാസമുള്ളതാകയാൽ ഇന്ന് മുറ്റത്ത് അലങ്കാര വസ്തുക്കളായി മാറി.

ദൈവത്തിന്റെ വഴികളെ പഠിപ്പിക്കുവാൻ പ്രവാചകനായ യിരെമ്യാവിനെ കുശവന്റെ പണിശാലയിലേക്ക് യഹോവ അയച്ചു. ആ പണിശാല നമുക്കും ഒന്നു സന്ദർശിക്കാം .

Read യിരെ (18:2,3)

പാത്രം ഉണ്ടാക്കുവാൻ പറ്റിയ മണ്ണ് കണ്ടെത്തി അതിലെ കല്ലും , കട്ടയും , മുള്ളും മാറ്റി , കുമിളകൾ രൂപപ്പെട്ട് പാത്രത്തിന് കേട് ഭവിക്കാതെ ഭംഗിയാക്കി എടുത്ത് ചക്രത്തിൻമേൽ കുശവന്റെ കൈകളിൽ കൂടി പാത്രം രൂപപ്പെടുത്തുന്നു. ഭംഗിയാകാത്ത പാത്രത്തെ വീണ്ടും ഉടച്ച് തനിക്ക് ബോധിച്ചതുപോലെ ഉണ്ടാക്കുന്നു.പല ആവർത്തി ശ്രമിച്ചിട്ടും ശരിയാകാത്തതിനെ യജമാനൻ എറിഞ്ഞു കളയുന്നു.

## ആരാണ് കളിമൺ? ആരാണ് കുശവൻ?

Read ISAIAH (64:8) യെശ :(64:8)

"............We are the clay , you are the potter
we are all the work of your hand"

".........ഞങ്ങൾ കളിമണ്ണും , നീ ഞങ്ങളെ മനയുന്നവനും ആകുന്നു. ഞങ്ങൾ എല്ലാവരും നിന്റെ കൈപ്പണിയത്രെ". **എന്നും** , ഇയ്യോബ് (10:9)ൽ നീ എന്നെ കളിമണ്ണുകൊണ്ട് മെനഞ്ഞു എന്നോർക്കേണമേ എന്നും കാണുന്നു.നമ്മെ മനഞ്ഞ കുശവന്റെ പണിശാല ഏതെന്നറിവാൻ ഉല്പത്തി ഒന്നാം അദ്ധ്യായത്തിലേക്ക് ഒന്നു പോകാം.

സൃഷ്ടാവാം ദൈവം തന്റെ പണിശാലയിൽ അഞ്ച് ദിവസവും ഉണ്ടാക്കിയതിൽ രണ്ടാം ദിവസത്തെ ഒഴിച്ച് ബാക്കി എല്ലാ ദിവസത്തേയും നല്ലതെന്ന് കണ്ടശേഷം ദൈവം **"നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക"** എന്നരുളിചെയ്തു(ഉല്പ 1:26)

സൃഷ്ടിപ്പിന്റെ മാധ്യമം –– പൊടി (ഉല്പ:2:7)

(നാം കളിമണ്ണ് എന്നതിന്റെ തെളിവ് )

നിഷ്പാപ വ്യവസ്ഥയിൽ താൻ സൃഷ്ടിച്ച് തന്റെ ജീവശ്വാസം ഊതിയ ജീവനുള്ള ദേഹിയായിത്തീർന്ന

മനുഷ്യനെ ദൈവം അനുഗ്രഹിച്ചു.  ഉല്പത്തി (1:27-31)

[**'വാഴുവിൻ'** എന്നനുഗ്രഹിച്ച ദൈവത്തെ , അവൻ ചെയ്ത നന്മകളെ മനുഷ്യർ എത്ര പെട്ടെന്ന് മറക്കുന്നു. അവൻ ചെയ്ത ഉപകാരങ്ങൾ ഒന്നും മറക്കരുതെന്ന് വചനം വ്യക്തമാക്കുമ്പോൾ നാം അത് സൗകര്യപൂർവ്വം മറക്കുന്നു].

കുശവന്റെ കയ്യിലെ ചീത്തയായ പാത്രം അവൻ എന്തു  ചെയ്യുന്നു? — യിരെ (18:4)

പൗലോസ് അപ്പോസ്തോലൻ പറയുന്നത് ശ്രദ്ധിക്കുക –റോമ (9:21)

ദൈവം തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചനുഗ്രഹിച്ച മനുഷ്യൻ ചീത്തയായതെങ്ങനെ ?

ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു. അവരോ അനേകം സൂത്രങ്ങളെ അന്വേഷിച്ച് വരുന്നു. (സഭാ 7:29)

തന്റെ കൈകളിലെത്തിയിട്ടും ചീത്തയായ പാത്രങ്ങളുടെ അവസ്ഥയെപ്പറ്റി യജമാനന്റെ പ്രസ്താവന എന്ത്? യിരെ(18:6-10)

[ഉദാഹരണം –യോന 3:4-9)]

പാത്രത്തിന് കുശവനോട് പ്രതികരിപ്പാൻ അധികാരമില്ല. " അയ്യോ മനുഷ്യാ ! ദൈവത്തോട്  പ്രത്യുത്തരം പറയുന്ന നീ ആർ?––––––––––––(റോമ 9:20)

യിരെമ്യാവിനെക്കൊണ്ട് (യഹൂദ പുരുഷന്മാരോടും യെരുശലേം നിവാസികളോടും പറയിച്ചിട്ടും യിരെ :(18:11) ഇവർ ദോഷകരമായി പ്രതികരിക്കുന്നു.

യിരെ :(18:12) (പ്രതികരിക്കുന്ന കളിമൺ പാത്രങ്ങൾ)

**<u>പരസ്പരം കലഹിക്കുന്ന മൺപാത്രങ്ങൾ –ലൂക്കോ: (22:24)</u>**

Read യെശ (29:16) – ഇവിടെ കുശവനോട്  മത്സരിക്കുന്ന മൺപാത്രങ്ങൾ, സൃഷ്ടാവിനെക്കാൾ ബുദ്ധിമാൻമാരാണെന്ന് നടിക്കുന്ന വെറും കൃമികളത്രെ. ഇവർ ഭൂമിയുടെ വിടവുകളിൽ നിന്ന് പുറത്തേക്കു വന്ന് " ദൈവം ഇല്ല" എന്ന് പറയുന്ന വെറും മണ്ണിരകൾ മാത്രമാണ്. അവിടുത്തെ പ്രമാണങ്ങളെ ചോദ്യം ചെയ്യാതെ അനുസരിക്കുന്നതാണ് അനുഗ്രഹകരമായത്.

**<u>താഴെ കാണുന്ന പാട്ടിന്റെ വരികൾ ശ്രദ്ധിക്കുക</u>**

കുശവന്റെ കയ്യിൽ കളിമണ്ണു പോൽ

––––––––––––––––––––––––––––––

––––––––––––––––––––––––––––––

ചോദ്യം ചെയ്യാതെ യജമാനനെ അനുസരിക്കുക .

ചോദ്യംചെയ്ത യോന അതിന്റെ കാരണം - Read യോന: (3:10), (4:1-3)

എത്ര ശരിയാക്കുവാൻ ശ്രമിച്ചിട്ടും സാധിക്കാതെ ഹീന പാത്രമായിത്തീർന്ന പാത്രങ്ങളും ഉണ്ട്. ഉദാ: യൂദ - പല ആവർത്തി തെറ്റിനെ ചൂണ്ടികാട്ടിയിട്ടും നന്നായില്ല. അവൻ തന്നെ ജീവിതം അവസാനിപ്പിച്ചു.

പാപത്തിൽ വീണവന്റെ പ്രവർത്തികൾ എന്തെല്ലാം?

Read റോമർ (3:10-18)

## ഒരു വ്യക്തി പാപത്തിൽ വീഴുവാനുള്ള കാരണങ്ങൾ

1. പ്രകൃതിയാൽ - കോപത്തിന്റെ മക്കൾ .(എഫേ 2:3)

2. ശീലത്താൽ- ദൈവത്തിൽ നിന്ന് തെറ്റി ഓടുന്നവർ (യെശ 53:6)

3. മനസ്സുകൊണ്ട് - ദൈവത്തോട് ശത്രുത്വം റോമർ (8:7-9)

4.തെറ്റുകളാൽ - ദൈവമുമ്പാകെ കുറ്റക്കാർ റോമർ (3:19)

തന്റെ രൂപത്തിലും ഭാവത്തിലും സൃഷ്ടിച്ച മനുഷ്യനെ നന്നാക്കി എടുക്കുവാൻ ശ്രമിച്ചിട്ടും പറ്റാത്തതിനെ പിതാവാം ദൈവം എന്തു ചെയ്യും എന്ന് വ്യക്തമാക്കുന്നു.- യെശ (30:33), യിരെ (7:32,33)

## [തോഫത്ത് or ദഹനസ്ഥലം

വളരെ അറയ്ക്കപ്പെട്ടതും , ഓക്കാനം വരുന്നതുമായ സ്ഥലമാണിത്. യെരുശലേമിനു പുറത്ത് മോലെക്ക് എന്ന അറയ്ക്കപ്പെട്ട ദേവന് ബലിയർപ്പിക്കുന്ന സ്ഥലമാണിത്.ഈ സമയത്ത് അട്ടഹാസം , ചിരി ഇവ പുറപ്പെടുവിക്കുന്നതിനെ തോഫ് എന്നറിയപ്പെടുന്നു. ക്രമേണ ഇത് തോഫെത്ത് ആയി മാറി. നിത്യ നരകത്തിന്റെ സാദൃശ്യമാണ് ഈ ദഹനസ്ഥലത്തിനുള്ളത്. സകല ദുഷ്ടൻമാരും ഇവിടെ എത്തുന്നു. ]

പല ആവർത്തി ശ്രമിച്ചിട്ടും ശരിയാക്കുവാൻ കഴിയാത്ത കളിമണ്ണ് കൊണ്ടുള്ള പാത്രം കുശവൻ ഉടച്ചുകളഞ്ഞതു പോലെ "ഞാൻ ഈ ജനത്തെയും നഗരത്തെയും ഉടച്ചുകളയും . അടക്കം ചെയ്യുവാൻ വേറെ സ്ഥലമില്ലായാകകൊണ്ട് അവരെ തോഫാത്തിൽ അടക്കം ചെയ്യും" എന്ന് യഹോവ യിരെമ്യാവിനോട് അരുളി ചെയ്തു. (യിരെ 19:11)

നല്ലതെന്ന് കണ്ട് സൃഷ്ടാവ് അനുഗ്രഹിച്ചവ എല്ലാം പിന്നീട് ശാപകാരണങ്ങളായി മാറി. ഇതിന് കാരണം മനുഷ്യൻ ചെയ്ത പാപത്തിന്റെ ഫലമാണ്. ഈ പാപാവസ്ഥയിൽ നിന്ന് ദൈവം കൃപയാൽ നമ്മെ ദത്തെടുത്തു. **'ദത്തെടുക്കുക'** എന്ന പദം ദൈവം ചെയ്ത പ്രവർത്തിയെ വിശദമാക്കുവാൻ ഉപയോഗിച്ചതാണ്. Read -എഫേ :(1:5-6)

ദത്തെടുക്കുവാൻ വില നൽകണം. ആരും നൽകിയിട്ടില്ലാത്തതും , ഇനി നൽകുവാൻ കഴിയാത്തതുമായ വിലയാണ് നമ്മെ വീണ്ടെടുക്കുവാനായി അവൻ നൽകിയത്. Read - എഫേ(1:7)

കൃപയാലുള്ള ഈ വീണ്ടെടുപ്പ് ദൈവത്തിന്റെ ദാനമത്രേ. Read - എഫേ(2:8)

പാപത്താൽ മലിനമാക്കപ്പെട്ട വ്യക്തി എങ്ങനെ നന്നായി അഥവാ രക്ഷപെട്ടതെങ്ങനെ ?രക്ഷാകര മായ വിശ്വാസത്താൽ .

ഉദാഹരണം- അ:പ്ര (16:30-34)

വീടടക്കം അവർ ആനന്ദിപ്പാൻ കാരണം എന്ത്? അ:പ്ര (16:32,33)

റോമ:(10:9,10)

മൺപാത്രത്തിന്റെ അകം വൃത്തിയുള്ളതാണെങ്കിലേ അതിൽ എന്തെങ്കിലും സൂക്ഷിപ്പാൻ കഴിയു കയുള്ളൂ. ഇതിന് ഉദാഹരണം വചനത്തിൽ നിന്നും Read യിരെ:(32:6-14)

ഇതുപോലെ മൺപാത്രങ്ങളാകുന്ന നാമും ഹൃദയശുദ്ധിയുള്ളവരായി പുതിയസൃഷ്ടികളാകണം.

Read - 2 കൊരി(5:17,18)

ഇപ്രകാരം ശുദ്ധീകരിച്ചെടുത്ത പാത്രത്തിന് ദൈവീക കരുണയാൽ ലഭിക്കുന്ന ചുമതലകളും , നിക്ഷേപവും എന്തെന്ന് 2 കൊരി (4:1-7) വരെയുള്ള ഭാഗത്ത് വ്യക്തമാക്കുന്നു.

കരുണയാൽ ലഭിച്ച ശുശ്രൂഷ എന്ത് ?

പുതിയ നിയമത്തിന്റെ ശുശ്രൂഷ (2 കൊരി 3:6)

അഥവാ പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ (ആത്മാവിന്റെ ശുശ്രൂഷ) എന്നാണർത്ഥം

കൃപയാൽ പുതിയ നിയമ ശുശ്രൂഷ (ആത്മാവിന്റെ ശുശ്രൂഷ)

## ഏറ്റവരുടെ ഉത്തരവാദിത്തങ്ങൾ

1. അധൈര്യപ്പെടാതെ പ്രവർത്തിക്കണം - 2 കൊരി (4:1)

(a) പ്രവർത്തിപ്പാൻ പ്രാപ്തി തരുന്നത് ദൈവം - 2 കൊരി(3:5)

- എഫേ(3:12)

(b) അധൈര്യപ്പെടുത്താൻ വരുന്നവരും , സഹായിക്കുന്ന ദൈവവും - അ:പ്ര(4:18,20)(29-31)

2. വചനത്തോട് കൂട്ടുചേർക്കരുത്- 2 കൊരി(4:2)

Read വെളി: (22:18,19), ആവ:(4:2)

പറയേണ്ടത് അവൻ വായിൽ തരും - മത്താ: (10:19)

3. **നിരപ്പിന്റെ ശുശ്രൂഷ**

എന്താണ് നിരപ്പ് (പ്രായശ്ചിത്തം)?

തനിക്കു വേണ്ടി വിലമുടക്കാൻ (ആരും നൽകാത്ത വില) തയാറായി ക്രൂശിൽ യാഗമായ രക്ഷക നെപ്പറ്റി കേട്ട് , ഗ്രഹിച്ചു കഴിയുമ്പോൾ ഒരുവനിൽ ഉണ്ടാകുന്ന അനുതാപവും , അതുമൂലം

ലഭ്യമാകുന്ന വിശ്വാസവും രക്ഷകനോടുള്ള നിരപ്പിന് കാരണമാകുന്നു.

Read അ:പ്ര (3:19), മത്താ: (3:2), ലൂക്കോ:(13:3), റോമ(5:10,11)

ഈ ലോകത്തിന്റെ ദൈവം കുരുടാക്കുന്നതാരെ, അവർക്ക് എന്ത് സംഭവിക്കുന്നു ?

2 കൊരി: (4:3,4)

( സാത്താൻ ദൈവസൃഷ്ടിയായ മനുഷ്യനെ നാശത്തിലേക്ക് തള്ളിയിടുന്നു. ) അതായത് മൺപാത്രം കേടുള്ളതാക്കുന്നു.

ഇരുട്ടിൽ നിന്ന് വെളിച്ചം പ്രകാശിക്കണം (2 കൊരി:4:6)

ഇത് എങ്ങനെ സംഭവിക്കും ? എഫേ:(5:8-11)

ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രേ വരുന്നത് എന്ന് - റോമർ (3:20) ൽ കാണുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങുന്നതെങ്ങനെ അഥവാ പ്രകാശിക്കുന്നതെങ്ങനെ ? Read 2 കൊരി :(3:17-18)

ആത്മാവിന്റെ ശുശ്രൂഷ തേജസ്സേറിയതത്രേ. ഈ ശുശ്രൂഷയാണ് കരുണയാൽ നാം ആകുന്ന മൺപാത്രങ്ങൾക്ക് ലഭിച്ചത്.

## മൺപാത്രത്തിലെ നിക്ഷേപം

ലോകമനുഷ്യരുടെ മുമ്പിൽ വിലയില്ലാത്ത മൺപാത്രത്തിന് തട്ടും മുട്ടും ഏല്ക്കേണ്ടതായി വരും. കുശവൻ മനഞ്ഞ പാത്രങ്ങളായ നമുക്കും ഇതുപോലെ പരിഹാസവും നിന്ദയും എല്ക്കേണ്ടതായി വന്നാലും പാത്രം തകരുന്നില്ല, കാരണം അത്രയ്ക്കു വിലയേറിയ നിക്ഷേപമാണ് യജമാനൻ അതിൽ സൂക്ഷിച്ചിരിക്കുന്നത്. ഈ പാത്രത്തെ ശത്രുവിന്റെ തന്ത്രങ്ങൾക്ക് തകർക്കുവാൻ കഴിയുകയില്ല.

എന്തുകൊണ്ട് ഈ നിക്ഷേപം നമ്മിൽ സൂക്ഷിച്ചു ?

ഈ നിക്ഷേപം ആരുടേയും സ്വന്തമല്ല ദൈവത്തിന്റെ ദാനമാണത്രേ എന്ന് വരേണ്ടതിന് -

2 കൊരി:(4:7)

എന്താണ് ആ നിക്ഷേപം ? വാഗ്ദത്തിൽ പരിശുദ്ധാത്മാവ് - Read എഫേ:(1:14), 2 കൊരി :(1:22)

പരിശുദ്ധാത്മാവ് നമുക്കു ലഭിച്ച വാഗ്ദത്തമാണ് - യോഹ: (16:7,8)

[യിരെമ്യ പ്രവാചകൻ വസ്തു വീണ്ടെടുക്കാൻ പണം നൽകി. തുറന്ന <u>മുദ്ര</u> ഇട്ട <u>ആധാരം</u> കിട്ടിയത് ഏറെക്കാലം സൂക്ഷിപ്പാൻ അഥവാ നില്പാൻ തക്കവണ്ണം ഒരു മൺപാത്രത്തിൽ സൂക്ഷിച്ചു. യിരെ :(32:6-14) വായിച്ചാൽ സംഭവം മനസ്സിലാകും . ദയവായി ആ ഭാഗം വായിക്കുക)]

(

അതുപോലെ നമ്മെ വീണ്ടെടുക്കാൻ അവൻ തിരുരക്തം നൽകി . ഉയിർത്തെഴുന്നേറ്റ് തേജസ്ക്കരിക്കപ്പെട്ടപ്പോൾ പരിശുദ്ധാത്മാവിനെ ദാനമായി നമുക്കു തന്നു.

അച്ചാരമായ പരിശുദ്ധാത്മാവ് - എഫേ:(1:14)

അതായത് വചനത്തിൽ വിശ്വസിച്ച്, രക്ഷനേടി പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതാണ് അച്ചാരം.

**അച്ചാരത്തിന്റെ കാലാവധി** -നമ്മുടെ ക്ഷണികമായ ആയുസ്സാണ് . സങ്കീ(39:5), യാക്കോബ് (4:14)

(ഒരു വസ്തു ഇടപാടിൽ കരാർ എഴുതി , അച്ചാരം നൽകിയാൽ കരാർ നഷ്ടമാക്കുന്നവന് അച്ചാരം നഷ്ടമാകും)

വാഗ്ദത്തിന്റെ അച്ചാരമായ പരിശുദ്ധാത്മാവിന്റെ മുദ്ര അവൻ ഹൃദയത്തിൽ (അഥവാ ഈ മൺശരീരത്തിൽ ) സൂക്ഷിക്കുന്നു.ആത്മാവിനെ അച്ചാരമായി ലഭിച്ച നമുക്ക് ലഭിക്കുന്ന മൂന്ന് കാര്യങ്ങളെ വേദപണ്ഡിതനായ മാത്യു ഹെൻറി ചൂണ്ടിക്കാണിക്കുന്നു.

1. നിത്യ പ്രകാശം (Evershining light) - യെശ : (60:19)
2. നിത്യജീവൻ (Everlasting life)- 1 കൊരി:(15:42-49)
3. നിത്യാനന്ദം (Everlasting Joy)- മത്താ (25:23), യെശ(51:11)

## പരിശുദ്ധാത്മാവാകുന്ന മുദ്രയുടെ പ്രത്യേകതകൾ

a. പൂർത്തീകരിക്കപ്പെട്ട ഇടപാടിനെ കാണിക്കുന്നു.

മുദ്ര ഏറ്റപ്പോൾ മുതൽ അതിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നു.സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹങ്ങളാലും നമ്മെ പൂർണ്ണതപ്പെടുത്തുകയാണ് ഈ മുദ്രയുടെ ലക്ഷ്യം.

b. മുദ്ര ഉടമസ്ഥതയെ കാണിക്കുന്നു.

ഉടമസ്ഥൻ മാത്രമേ ആ വ്യവസ്ഥയുടെ അടിയിൽ ഒപ്പു വയ്ക്കൂ. ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ നമ്മുടെ മേൽ മുദ്ര വച്ചു. അതായത് ആത്മാവാൽ നിറയപ്പെട്ടവൻ അവനുള്ളവനത്രെ.

**c. മുദ്ര ഉടമയുടെ അധികാരത്തെ കാണിക്കുന്നു.**

നമുക്ക് നിശ്ചയിച്ചു തന്ന കാലാവധിയിൽ പരിശുദ്ധാത്മാവിന്റെ ഹിതമനുസരിച്ച് ജീവിച്ചാൽ, കാലാവധി തീരുമ്പോൾ (മൺപാത്രം ഉടയുമ്പോൾ) ആത്മാവ് വന്നിടത്തേക്ക് മടങ്ങിപ്പോകുന്നു. മൺപാത്രത്തിന്റെ സുഗന്ധം എന്നും നില്ക്കുകയും ചെയ്യും. ഉദാ: കൊച്ചുകുഞ്ഞ് ഉപദേശി, കെ.വി.സൈമൺ, നാഗൽ സായ്പ്, പരിശുദ്ധാത്മാവാകുന്ന നിക്ഷേപം സൂക്ഷിക്കാത്തവർ നിത്യനരകത്തിലും ആയിത്തീരുന്നു. കാലാവധിതീരും വരെ നിക്ഷേപം സൂക്ഷിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ. ഈ അത്യന്തശക്തി സൂക്ഷിപ്പാൻ ദൈവകരങ്ങളിൽ ഏല്പിപ്പാൻ ദൈവം കൃപചെയ്യട്ടെ.